

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃക്കാക്കര ഭാരതമാതാ കോളജിൽ നടൻ ടോവീനോ തോമസ് ഉദ്ഘാടനം ചെയ്യുന്നു.

# തന്റെ വോട്ട് ജനാധിപത്യം കാത്തുസൂക്ഷിക്കുന്നവർക്ക്: ടൊവീനോ

**കൊച്ചി:** ജനാധിപത്യം കാത്തുസൂക്ഷിക്കാൻ കഴിയുന്ന, നമ്മെ നയിക്കാൻ കഴിയുന്ന വ്യക്തിക്കായിരിക്കും തന്റെ വോട്ടെന്ന് നടൻ ടോവീനോ തോമസ്. വോട്ടവകാശം ലഭിച്ച ശേഷം അവസരം നഷ്ടപ്പെടുത്തിയിട്ടില്ല. ഭാവിതലമുറകൾ സുരക്ഷിതരായിരിക്കാനും തുല്യത ഉറപ്പാക്കാനും എല്ലാവരും വോട്ട്ചെയ്യുമെന്നും ടൊവീനോ അഭ്യർഥിച്ചു. ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃക്കാക്കര ഭാരത മാത കോളജിൽ നിർവഹിക്കുകയായിരുന്നു സംസ്ഥാന തെരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ്പ് ഐക്കൺ കൂടിയായ ടൊവീനോ.

സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അധ്യക്ഷത വഹിച്ചു. തൃശൂർ കളക്ടർ കൃഷ്ണ തേജ, മലപ്പുറം കളക്ടർ വി.ആർ. വിനോദ്, കോഴിക്കോട് കളക്ടർ സ്നേഹിൽ കുമാർ സിംഗ് എന്നിവർക്ക് മികച്ച ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കുള്ള പുരസ്കാരം നല്കി. മികച്ച ബൂത്ത് ലെവൽ ഓഫീസർമാർക്കുള്ള പുരസ്കാരം വിജി വർഗീസ്, ടി. ധന്യമോൾ എന്നിവർ ഏറ്റുവാങ്ങി. മികച്ച ഇലക്ടറൽ ലിറ്ററസി ക്ലബ് പുരസ്കാരം പാലക്കാട് അഗളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നേടി. മികച്ച ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് കോ-ഓർഡിനേറ്റർ പുരസ്കാരം പാമ്പാടി കുര്യാക്കോസ് ഗ്രിഗോറിയസ് കോളജ് അസി. പ്രഫസർ ഡോ. വിപിൻ കെ. വർഗീസ് ഏറ്റുവാങ്ങി.

പുതിയ വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർവഹിച്ചു. ഫൈ റോസ്, മുഹമ്മദ് ജാസിർ, എം.എം. മുഹമ്മദ് റിയാസ്, ജായിറ അന്ന രാജീവ് എന്നിവർക്ക് ജില്ലാ കളക്ടർ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു.

കളക്ടർ എൻ.എസ്.കെ. ഉമേഷ്, ഭാരതമാതാ കോളജ് മാനേജർ റവ. ഡോ. എബ്രഹാം ഒലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൺ, അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ സി. ഷർമിള തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടനചടങ്ങിനു ശേഷം വിവിധ കലാപരിപാടികളും അരങ്ങേറി.